**SKILL UPDATING INSTITUTE FOR INDUSTRIAL TRAINING (SUIIT-KERALA)**

Market Road, Kazhakkuttom, Thiruvananthapuram-582

☎0471-2412012 ✉ stikerala@gmail.com website: www.suiit.kerala.gov.in

SUIIT/39/2022-CT(2) തീയതി: 01-03-2023

## മികച്ച പരിശീലകർക്കുള്ള അവാർഡ് നൽകുന്നതിനുള്ള വിജ്ഞാപനം (2020-21)

വിഷയം - വ്യാവസായിക പരിശീലന വകുപ്പ്-സ്യൂട്ട്കേരള കഴക്കൂട്ടം- 2020 - 2021 വർഷത്തെ വ്യാവസായിക പരിശീലന വകുപ്പിലെ മികച്ച പരിശീലകർക്കുള്ള അവാർഡ് നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

പരാമർശം - സ.ഉ.(സാധാ) നം: 253/2023/തൊഴിൽ, തീയതി:28.02.2023.

വ്യാവസായിക പരിശീലന വകുപ്പിലെ 2020 - 2021 വർഷത്തെ മികച്ച പ്രിൻസിപ്പാൾ മികച്ച ഗ്രൂപ്പ് ഇൻസ്ട്രക്ടർ, മികച്ച ഇൻസ്ട്രക്ടർമാർ എന്നിവരെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. 2020 - 2021 പരിശീലന വർഷം വരെയുള്ള പ്രവർത്തന മികവാണ് അവാർഡിൻറെ മാനദണ്ഡം. ഇതിലേയ്ക്കുള്ള അപേക്ഷയുടെ മാതൃകകൾ ഇതോടൊപ്പം ചേർക്കുന്നു. പൂരിപ്പിച്ച അപേക്ഷകൾ നിശ്ചിത തീയതിയ്ക്കകം സ്പെഷ്യൽ ഓഫീസർ, സ്യൂട്ട്-കേരള,കഴക്കൂട്ടം - ന് സോഫ്റ്റ് കോപ്പിയായി suiitkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ നൽകേണ്ടതും ഹാർഡ് കോപ്പി തപാൽ മാർഗ്ഗമോ, പ്രത്യേക ദൂതൻ മുഖേനയോ ലഭ്യമാക്കേണ്ടതുമാണ്. ഒരു കാരണവശാലും ശിപാർശ്ശ ചെയ്യപ്പെടുന്ന ഉദ്യോഗസ്ഥരുടെ കൈവശം അപേക്ഷകൾ കൊടുത്തയക്കരുത്. വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

### മികച്ച പ്രിൻസിപ്പാൾ

2020 - 2021 കാലയളവിൽ പ്രിൻസിപ്പാൾ സ്ഥാപനമേധാവിയായിരുന്ന ഐ.ടി.ഐയിലെ ട്രെയിനീസിൻറെ റിസൾട്ട്, പ്ലേസ്മെൻറ്, സ്ഥപനത്തിൻറെ ഉയർച്ചക്കായി ചെയ്തിട്ടുള്ള മറ്റ് കാര്യങ്ങൾ എന്നിവ പരിഗണിച്ചാണ് അവാർഡിനർഹതയുള്ള പ്രിൻസിപ്പാളിനെ തെരഞ്ഞെടുക്കുന്നത്.

അപേക്ഷ തയ്യാറാക്കി അയയ്ക്കേണ്ട വിധം

പാർട്ട്-എ പ്രിൻസിപ്പാൾ പൂരിപ്പിക്കേണ്ടതും, പാർട്ട് - ബി സൂക്ഷ്മമായ പരിശോധനക്ക് ശേഷം ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

നിബന്ധനകൾ

1 പ്രിൻസിപ്പാളായി കുറഞ്ഞത് 5 വർഷത്തെ പ്രവർത്തിപരിചയം (31.12.2021-ൽ) ആവശ്യമാണ്.

2 സർക്കാർ/വകുപ്പ്തല അച്ചടക്ക നടപടികൾക്ക് വിധേയരായവർ ആയിരിക്കരുത്.

3 വിജിലൻസ്/പോലീസ്/കോടതികേസ് നിലവിലുള്ളവരെ പരിഗണിക്കുന്നതല്ല.

4 മുൻ വർഷങ്ങളിൽ അവാർഡ് ലഭിച്ചവരെ തുടർന്ന് മൂന്ന് വർഷത്തേക്ക് പരിഗണിക്കുന്നതല്ല.

പൂരിപ്പിച്ച അപേക്ഷകൾ **10.03.2021** നകം ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്ക് സമർപ്പിക്കേണ്ടതും ട്രെയിനിംഗ് ഇൻസ്പെക്ടർമാർ സൂക്ഷ്മമായ പരിശോധനയ്ക്കും ആവശ്യമായ രേഖപ്പെടുത്തലുകൾക്കും ശേഷം 15.03.2023 നകം സ്പെഷ്യൽ ഓഫീസർ, സ്യൂട്ട്-കേരള,കഴക്കൂട്ടം - ന് ലഭ്യമാക്കേണ്ടതുമാണ്.

I/288091/2023

**<u>മികച്ച ഗ്രൂപ്പ് ഇൻസട്രക്ടർ</u>**

2020 - 2021 കാലയളവിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടറായി ചുമതലവഹിച്ചിരുന്ന ട്രേഡുകളിലെ ട്രെയിനീസിൻറെ റിസൾട്ട്, പ്ലേസ്മെൻറ്, സ്ഥാപനത്തിൻറെ ഉയർച്ചക്കായി ചെയ്തിട്ടുള്ള മറ്റ് കാര്യങ്ങൾ എന്നിവ പരിഗണിച്ചാണ് അവാർഡിനർഹതയുള്ള ഗ്രൂപ്പ് ഇൻസ്ട്രക്ടറെ തെരഞ്ഞെടുക്കുന്നത്.

<u>അപേക്ഷ തയ്യാറാക്കി അയയ്ക്കേണ്ട വിധം</u>

പാർട്ട്-എ ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർ പൂരിപ്പിക്കേണ്ടതും പാർട്ട് - ബി അപേക്ഷകൻ പ്രിൻസിപ്പാളിൻറെ സഹായത്തോടെ തയ്യാറാക്കേണ്ടതും പ്രിൻസിപ്പൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

നിബന്ധനകൾ.

1 മുൻ വർഷങ്ങളിൽ അവാർഡ് ലഭിച്ചവരെ തുടർന്ന് മൂന്ന് വർഷത്തേക്ക് പരിഗണിക്കുന്നതല്ല.
2 ഗ്രൂപ്പ് ഇൻസട്രക്ടർ ആയി കുറഞ്ഞത് 3 വർഷത്തെ പ്രവർത്തിപരിചയം (31.12.2021 ൽ) ആവശ്യമാണ്.
3 സർക്കാർ/വകുപ്പ്തല അച്ചടക്ക നടപടികൾക്ക് വിധേയരായവർ ആയിരിക്കരുത്.
4 വിജിലൻസ്/പോലീസ്/കോടതികേസ് നിലവിലുള്ളവരെ പരിഗണിക്കുന്നതല്ല.

പൂരിപ്പിച്ച അപേക്ഷകൾ **10.03.2023** നകം പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതും പ്രിൻസിപ്പൾമാർ സൂക്ഷ്മപരിശോധനക്ക് ശേഷം 15.03.2023 നകം സ്പെഷ്യൽ ഓഫീസർ, സ്യൂട്ട്-കേരള, കഴക്കൂട്ടം - ന് ലഭ്യമാക്കേണ്ടതുമാണ്.

**<u>മികച്ച ഇൻസട്രക്ടർ</u>**

ഇൻസ്ട്രക്ടർ പൂർണ്ണമായും ക്ലാസ്സുകളെടുത്ത ട്രെയിനീസിൻറെ റിസൾട്ട്, പരിശീലനത്തിൽ കാണിച്ച മികവ്, സ്ഥപനത്തിൻറെ ഉയർച്ചക്കായി ചെയ്തിട്ടുള്ള മറ്റ് കാര്യങ്ങൾ എന്നിവ പരിഗണിച്ചാണ് അവാർഡിനർഹരായവരെ തെരഞ്ഞെടുക്കുന്നത്.

<u>അപേക്ഷ തയ്യാറാക്കി അയയ്ക്കേണ്ട വിധം</u>

പാർട്ട്-എ ഇൻസ്ട്രക്ടർമാർ പൂരിപ്പിക്കേണ്ടതും സ്ഥാപന മേധാവി സർട്ടിഫൈ ചെയ്യേണ്ടതുമാണ്.
പാർട്ട് - ബി സ്ഥാപന മേധാവി ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരുടെ സഹായത്തോടെ പൂരിപ്പിക്കേണ്ടതാണ്.

1 കഴിഞ്ഞ വർഷം അവാർഡ് ലഭിച്ചവരെ തുടർന്ന് മൂന്ന് വർഷത്തേക്ക് പരിഗണിക്കുന്നതല്ല.
2 ഇൻസട്രക്ടർ ആയി കുറഞ്ഞത് 5 വർഷത്തെ പ്രവർത്തിപരിചയം (31.12.2021 ൽ) ആവശ്യമാണ്
3 സർക്കാർ/വകുപ്പ്തല അച്ചടക്ക നടപടികൾക്ക് വിധേയരായവർ ആയിരിക്കരുത്
4 വിജിലൻസ്/പോലീസ്/കോടതികേസ് നിലവിലുള്ളവരെ പരിഗണിക്കുന്നതല്ല.

പൂരിപ്പിച്ച അപേക്ഷകൾ **10.03.2023** നകം പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതും പ്രിൻസിപ്പൾമാർ ആവശ്യമായ രേഖപ്പെടുത്തലുകൾക്ക് ശേഷം 15.03.2023 നകം സ്പെഷ്യൽ ഓഫീസർ, സ്യൂട്ട്കേരള കഴക്കൂട്ടം - ന് ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്

**Dr. Veena N Madhavan IAS**

**DIRECTOR ITD**

ഉള്ളടക്കം: മേൽപ്പറഞ്ഞവ

എല്ലാ പ്രിൻസിപ്പാൾമാർക്കും, ട്രെയിനിംഗ് ഓഫീസർമാർക്കും

I/288091/2023

പകർപ്പ്: 1. ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്ക്
2. ശ്രീ. മനോജ് മാത്യു (വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി).
3. സംഭരണഫയൽ.

**ഉത്തരവിൻ പ്രകാരം**

**SUJATHA J**
**Special Officer**